ഉത്തരം

(എ) ജൻറം പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ആയി ചേർക്കുന്നു.*

(ബി-ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ

314(3296) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാതയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) എത്ര തുകയാണ് പദ്ധതി വഴി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നത് ; പദ്ധതിയുടെ ചുമതല ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളിലും പൊതു സ്ഥലങ്ങൾ കൈയേറിയതും ചെറുതും വലുതുമായ പരസ്യബോർഡുകൾ സ്ഥാപിച്ചും വൈദ്യുതി കാലുകളിൽ അപകടകരമായ രീതിയിൽ കേബിൾ വയറുകളും പരസ്യബോർഡുകളും മറ്റും തൂക്കിയിട്ടും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് അനധികൃതമായി പരസ്യ ബോർഡുകൾ സ്ഥാപിച്ചും ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും വിരൂപമാക്കുന്നത് തടയുന്നതിനും, ഈയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട ഫീസ് ലഭിക്കാതെ പോകുന്നത് തടയുകയും, ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിത വർദ്ധനവ് മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നത് തടയുകയുമാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി പദ്ധതി മുഖേന സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന തുക കണക്കാക്കിയിട്ടില്ല പൊതുനിരത്തിലെ വൈദ്യുത കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ലക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലൂമിനിയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ച് വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.-യുമായി കരാറിലേർപ്പെട്ടുകൊണ്ട് തുടർനടപടികളെടുക്കുവാൻ സ.ഉ.(കൈ)നമ്പർ 194/2014/ത.സ്വ.ഭ.വ. തീയതി 6-11-2014 പ്രകാരം ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട്

315 (3297) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സസ്റ്റൈനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) എല്ലാ നഗരസഭകളിലെയും സമഗ്ര പശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്ര വിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും, നഗരസഭാ തലത്തിലും, പ്രോജക്ട് ഡയറക്ടർ തലത്തിലും, ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ബഹു. നഗരകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly